പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3614 — 12.12.2014 - ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ അനാഥാലയങ്ങൾ

ചോദ്യം
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം
ഡോ. എം.കെ. മുനീർ
( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്നും, അവ എവിടെയൊക്കെയാണെന്നുംവിശദമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്ത് 1176 സ്ഥാപനങ്ങൾ കുട്ടികൾക്കുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ കാറ്റഗറിയും ജില്ല തിരിച്ചുള്ള ലിസ്റ്റും സ്ഥാപന നടത്തിപ്പുകാരുടെ മേൽവിലാസവും അന്തേവാസികളുടെ എണ്ണവും (30.06.2014വരെ) അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അനാഥാലയങ്ങൾ ഏതൊക്കെ ഏജൻസികളാണു നടത്തുന്നതെന്നും, ഓരോ അനാഥാലയത്തിലും എത്ര അനാഥർ താമസിച്ചു വരുന്നുണ്ടെന്നും വ്യക്തമാക്കാമോ; | | |
| (സി) | ഈ അനാഥാലയങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാരിനുള്ള നിയന്ത്രണസംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | 1. 15 അംഗങ്ങളുള്ള ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസിനാണ് ഇത്തരം സ്ഥാപനങ്ങളുടെ നിയമപരമായ നിയന്ത്രണം.<br>2. ജില്ലകളിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി 3 മാസത്തിലൊരിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു.<br>3. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ വകുപ്പ് തല ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ സ്ഥാപനങ്ങൾ പരിശോധിച്ച് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**